മലയാള മനോരമ 08 March 2026

# മത്സ്യ സംരംഭം: തീരദേശ വനിതകൾക്ക് സിഎംഎഫ്ആർഐയുടെ ആദരം

കൊച്ചി ● മത്സ്യ മേഖലയിലെ സംരംഭകത്വ മികവിനു രണ്ടു തീരദേശ വനിതകളെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നാളെ നടക്കുന്ന രാജ്യാന്തര വനിത ദിനാഘോഷത്തിൽ ആദരിക്കും. വി സ്റ്റാർ ക്രിയേഷൻസ് സ്ഥാപക ഷീല കൊച്ചൗസേപ്പ് ഉദ്ഘാടനം ചെയ്യും.

കല്ലുമ്മക്കായ കൃഷിയിലൂടെ നേട്ടമുണ്ടാക്കിയ കൊല്ലം തെക്കുംഭാഗം സെന്റ് സെബാസ്റ്റ്യൻ ഐലൻഡിലെ ഷീജ സിൽവിയെയും അലങ്കാര മത്സ്യക്കൃഷിയിലൂടെ മികവു തെളിയിച്ച എറണാകുളം നായരമ്പലം സ്വദേശി കെ.എസ്. രമാദേവി പ്രമോദിനെയുമാണു സിഎംഎഫ്ആർഐ ആദരിക്കുക. മത്സ്യ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു സാങ്കേതിക സഹായവും പരിശീലനവും നൽകുന്ന സിഎംഎഫ്ആർഐയുടെ സയൻസ് ടെക്നോളജി ആൻഡ് ഇന്നവേഷൻ (എസ്ടിഐ) ഹബ് പദ്ധതിയുടെ ഗുണഭോക്താക്കളാണ് ഇരുവരും.



കെ.എസ്. രമാദേവി പ്രമോദ് മത്സ്യങ്ങൾക്കു തീറ്റ കൊടുക്കുന്നു.

ഭർത്താവ് സിൽവിയോടൊപ്പമാണു ഷീജ കൊല്ലം അഷ്ടമുടിക്കായലിൽ കല്ലുമ്മക്കായ-



ഷീജ സിൽവി കല്ലുമ്മക്കായ കൃഷിയിടത്തിൽ

കടൽ മുരിങ്ങ കൃഷി നടത്തുന്നത്. 10 വർഷം മുൻപ് തുടങ്ങിയ സംരംഭം സിഎംഎഫ്ആർഐയുടെ പരിശീലനത്തിലൂടെ ഒരു യൂണിറ്റിൽ നിന്ന് ഒരു ലക്ഷം രൂപ വരെ ലാഭം ലഭിക്കുന്ന തരത്തിൽ വാണിജ്യാടിസ്ഥാനത്തിൽ വളർന്നു. 10 വർഷം മുൻപു വിനോദമായി അലങ്കാര മത്സ്യക്കൃഷി തുടങ്ങിയ രമാദേവി ഇപ്പോൾ വിത്തുൽപാദനവും നടത്തുന്നു. ആഴ്ചയിൽ ശരാശരി 5000 രൂപയോളമാണു ഫാമിൽ നിന്നുള്ള വരുമാനം.